21157

Fy/14432/15

ശ്രീമതി. അനില ജോർജ്ജ്,
പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്),
തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 30.09.2015.

**അർദ്ധ ഔദ്യോഗിക കത്ത് നമ്പർ എം. 4/67657/15/ഡി.പി.ഐ., തീയതി: 30.09.2015.**

**സർ,**

നാഷണൽ സേവിംഗ്സ് ഡയറക്ടർ ശ്രീമതി. പി.കെ. എലിസബത്ത് 10.07.2015 ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 5421/6 ബി .സ.പി. ബി 2/2015/ധന പ്രകാരം 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്തെ വിവിധ വകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് ദേശീയ സമ്പാദ്യ പദ്ധതിയിൽ 1000 /- കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കാൻ 28.05.2015 ലെ സ.ഉ. (സാധാ) 5183/2015/ധന പ്രകാരം ഉത്തരവാകുകയും നിക്ഷേപ സമാഹരണ ലക്ഷ്യ തുക വിവിധ ജില്ലകൾക്കായി വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് സഞ്ചയിക സമ്പാദ്യ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി താങ്കളുടെ കീഴിലുള്ള എല്ലാ ഓഫീസർമാർക്കും ജില്ലാകളക്ടർമാർ നിശ്ചയിച്ച് നൽകുന്ന നിക്ഷേപ സമാഹാരണ ലക്ഷ്യം നേടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവൻ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്. കൂടാതെ താഴെപ്പറയുന്ന കാര്യങ്ങളിൽ വേണ്ട നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും എല്ലാ പ്രഥമാധ്യാപകർക്കും നൽകേണ്ടതാണ്.

1. സ്കൂൾ സഞ്ചയിക സ്കീം പ്രോത്സാഹിപ്പിക്കുന്നതിനായി സഞ്ചയികയിലുണ്ടാകുന്ന ഓരോവർഷത്തെയും പുതിയ നിക്ഷേപത്തിന് (വർഷം മുഴുവൻ നിലനിൽക്കുന്ന ബാലൻസിന്) 0.50 % നിരക്കിൽ പ്രിൻസിപ്പൽ / ഹെഡ്മിസ്ട്രസ്സിന് പ്രോത്സാഹാന അലവൻസ് നൽകാവുന്നതാണ്.
2. ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും ട്രോഫിയും മെരിറ്റ് സർട്ടിഫിക്കറ്റും പ്രോത്സാഹനമായി നൽകുന്നതാണ്.

വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിന്റെ ഭാഗമായി വരുന്ന സഞ്ചയിക സമ്പാദ്യ പദ്ധതി പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും മാസ റിപ്പോർട്ട് നൽകേണ്ടതുമാണ്.

ആത്മാർത്ഥതയോടെ,

(അനില ജോർജ്ജ്)

സ്വീകർത്താവ്:-

വിദ്യാഭ്യാസ ഉപഡയറക്ടർ

" ഭരണഭാഷ മാതൃഭാഷ "

നം.120 /എൻ.എസ്.1/2015/എൻ.എസ്.ഡി. ഇ.കെ.എം.

ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കളക്ട്രേറ്റ്, കാക്കനാട്, എറണാകുളം
ഫോൺ: 0484 -2422203 പിൻ : 682030
തീയതി 4/7/2015.
Email ID: nsdekm@gmail.com

13833

പ്രേഷിതൻ

ഡെപ്യൂട്ടി ഡയറക്ടർ,
ദേശീയ സമ്പാദ്യ പദ്ധതി,
എറണാകുളം.

സ്വീകർത്താവ്

ഡെപ്യൂട്ടി ഡയറക്ടർ,
വിദ്യാഭ്യാസ വകുപ്പ്,
എറണാകുളം.

സർ,

വിഷയം :- ദേശീയ സമ്പാദ്യ പദ്ധതി, എറണാകുളം - സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് **" സഞ്ചയികാ പദ്ധതി "** നടപ്പിലാക്കുന്നതു - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ) നം. 5183/2015/ ധന . തീയതി: 28.05.2015.
2. നം. 2381/ദേ.സ.പ./ബി2/15/ ധന . തീയതി: 19.06.2015.

മേൽ സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചന 1 പ്രകാരം 1000 കോടി രൂപ മിച്ച നിക്ഷേപമായി ദേശീയ സമ്പാദ്യ പദ്ധതി മുഖേന സമാഹരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഇതിനോടനുബന്ധിച്ച് സ്കൂൾ സഞ്ചയിക സ്കീം പ്രോത്സാഹിപ്പിക്കുന്നതിനായി സഞ്ചയികയിലുണ്ടാകുന്ന ഓരോ വർഷത്തേയും പുതിയ നിക്ഷേപത്തിന് ( വർഷം മുഴുവൻ നിലനിൽക്കുന്ന ബാലൻസിന് ) 0.5% നിരക്കിൽ പ്രിൻസിപ്പൽ / ഹെഡ്മാസ്റ്റർമാർക്ക് പ്രോത്സാഹന അലവൻസ് നൽകാമെന്നും, ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും ട്രോഫിയും, മെറിറ്റ് സർട്ടിഫിക്കറ്റും പ്രോത്സാഹനമായി നൽകാമെന്നും ഉത്തരവുണ്ടായിട്ടുണ്ട്.

ആയതിനാൽ ഇക്കാര്യം അങ്ങയുടെ കീഴിലുള്ള ഡി.ഇ.ഒ.മാർ / എ.ഇ.ഒ.മാർ / പ്രധാന അദ്ധ്യാപകർ എന്നിവരെ അറിയിക്കണമെന്നും, വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനായി സഞ്ചയികാ സ്കീമിന് പ്രോത്സാഹനം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

സ്കൂളുകളിലേക്കാവശ്യമുായ സഞ്ചയികാ പാസ്സ് ബുക്ക്, ലഡ്ജർ എന്നിവ ഈ ഓഫീസിൽ ലഭ്യമാണെന്ന വിവരം കൂടി അറിയിച്ചു കൊള്ളുന്നു. അങ്ങയുടെ സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ദേശീയ സമ്പാദ്യ പദ്ധതി,
എറണാകുളം.

OFFICE OF THE DEPUTY DIRECTOR OF NATIONAL SAVINGS
ERNAKULAM